**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** **19-09-2025 - ൽ മറുപടിയ്ക്ക്**

**തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കൃഷിഭവനുകൾ മുഖേന ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്തു പ്രസിദ്ധീകരിക്കുന്ന നടപടികൾ നടക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ പ്രക്രിയ ആരംഭിച്ചത്; കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവിറോൺമെന്റ് സെന്ററിനെ (കെ.എസ്.ആർ.ഇ.സി.) ആണോ ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇത് സംബന്ധിച്ച ഉത്തരവ് എന്നാണ് പുറത്തിറക്കിയത്; വാലിഡേഷൻ എങ്ങനെയാണ് നിർവഹിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഡാറ്റാബാങ്ക് വാലിഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 2017 മുതലാണ് വാലിഡേഷൻ ആരംഭിച്ചത്. KSREC യെ യാണ് ഇതിന് ചുമതലപ്പെടുത്തിയത്. 500 കൃഷി ഭവനുകളിലെ ഡാറ്റാബാങ്ക് വാലിഡേഷൻ KSREC പൂർത്തിയാക്കി. ബാക്കിയുള്ളവ (577) വാലിഡേറ്റ് ചെയ്യുന്നതിനും 08.06.2025 ലെ GO(Rt) 1374/2025/RD നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ഇ.സി. യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഉപഗ്രഹചിത്രം അടിസ്ഥാനമാക്കി 2008-ലെ അവസ്ഥ അവലോകനം ചെയ്താണ് ഡ്രാഫ്റ്റ് ഡാറ്റാബാങ്കിലെ അപാകതകൾ പരിഹരിക്കുന്നത്. |
| (ബി) | ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്യുന്ന നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ട്; ഇനി എത്ര വില്ലേജുകളിൽ പൂർത്തിയാക്കാനുണ്ട്; വാലിഡേഷൻ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കെ.എസ്.ആർ.ഇ.സി. അറിയിച്ചിട്ടുള്ളത്; എത്ര തുകയാണ് ഇതിനായി കെ.എസ്.ആർ.ഇ.സി.ക്ക് നൽകുന്നത്; വിശദമാക്കാമോ; | (ബി) | ജില്ലാടിസ്ഥാനത്തിൽ ഡാറ്റാബാങ്ക് വാലിഡേഷൻ പൂർത്തീകരിച്ചതും, പൂർത്തിയാക്കാനുള്ളതുമായ വില്ലേജുകളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.<br><br>08.06.2025 ലെ GO(Rt) 1374/2025/RD നമ്പർ ഉത്തരവ് പ്രകാരം ഡാറ്റാബാങ്ക് വാലിഡേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾക്കായി 230.80 ലക്ഷം രൂപ കെ.എസ്.ആർ.ഇ.സി.ക്ക് അനുവദിച്ചിട്ടുണ്ട്. ഡാറ്റാബാങ്ക് വാലിഡേഷൻ പ്രവർത്തി പുരോഗമിച്ച് വരുന്നു. മൊത്തം ഡാറ്റ കിട്ടിക്കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ വർക്ക് പൂർത്തീകരിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | വാലിഡേഷൻ പൂർത്തിയാകുമ്പോൾ ഭൂവുടമകൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുക; ഇതിനുശേഷം ഭൂമി തരംമാറ്റം നിർത്തിവയ്ക്കുമോ; വിശദമാക്കാമോ? | (സി) | ഡാറ്റാബാങ്ക് വാലിഡേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ ഭൂവുടമകളുടെ തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമികൾ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാകുകയും അതിലൂടെ ഫോറം 5 അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം ഇല്ലാതാകുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | തുടർന്നും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും, ചട്ടവും അനുശാസിക്കുന്ന വിധം തരം മാറ്റം നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഡാറ്റ ബാങ്ക് വാലിഡേഷൻ

| നം. | ജില്ല | പൂർത്തിയായ വില്ലേജുകൾ | പൂർത്തികരിക്കാനുള്ള വില്ലേജുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 71 | 22 |
| 2 | കൊല്ലം | 37 | 38 |
| 3 | ആലപ്പുഴ | 19 | 59 |
| 4 | പത്തനംതിട്ട | 13 | 45 |
| 5 | കോട്ടയം | 47 | 34 |
| 6 | ഇടുക്കി | 04 | 50 |
| 7 | എറണാകുളം | 74 | 23 |
| 8 | തൃശ്ശൂർ | 93 | 11 |
| 9 | പാലക്കാട് | 38 | 56 |
| 10 | മലപ്പുറം | 65 | 45 |
| 11 | കോഴിക്കോട് | 09 | 70 |
| 12 | കണ്ണൂർ | 13 | 74 |
| 13 | വയനാട് | 06 | 20 |
| 14 | കാസർഗോഡ് | 11 | 30 |